359/284/19

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ: പി. ആർ. സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർമാരെ വിടുതൽ ചെയ്യുമ്പോൾ കർശനമായി പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം. ഇ-3/2100/2008/സിഇ/തസ്വഭവ, തീയതി. 29.12.2018**

ഈ വകുപ്പിന് കീഴിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരെ പൊതുമരാമത്ത് / ജലസേചനം / സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മറ്റ് വകുപ്പുകളിലെ നിയമനം സ്വീകരിക്കുന്നതിനായും, സ്ഥലംമാറ്റം മുഖേനയും വിടുതൽ ചെയ്യുമ്പോഴുള്ള നടപടിക്രമങ്ങൾ കൃത്യമായും പാലിക്കപ്പെടാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ അളവുകൾ യഥാസമയം രേഖപ്പെടുത്തി ബില്ലുകൾ നൽകാതെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ വിടുതൽ ചെയ്യുന്നതുമൂലം നിരവധി പരാതികൾ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിലും ഈ കാര്യാലയത്തിലും ലഭ്യമായിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ മറ്റ് വകുപ്പുകളിലെ നിയമനം സ്വീകരിക്കുന്നതിനായും സ്ഥലംമാറ്റം മുഖേനയും വിടുതൽ ചെയ്യുമ്പോൾ ടി അസിസ്റ്റന്റ് എഞ്ചിനീയർമാർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ അളവുകൾ യഥാസമയം രേഖപ്പെടുത്തി ബില്ലുകൾ നൽകിയിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തി മാത്രമേ വിടുതൽ ചെയ്യുന്നതിന് ശുപാർശ ചെയ്യാവൂ എന്നും ടി നടപടിക്രമങ്ങൾ പാലിക്കാതെ മറ്റ് വകുപ്പുകളിലേയ്ക്ക് വിടുതൽ അനുമതി ലഭ്യമായവരെ ആയത് പരിശോധിച്ച് മാത്രം വിടുതൽ ചെയ്യുന്നതിനും ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രസ്താവിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഇതിനോടകം വിടുതൽ ചെയ്ത് മറ്റ് വകുപ്പുകളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ ഈ വകുപ്പിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി ബില്ലുകൾ നൽകിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി മാത്രം ടി ഉദ്യോഗസ്ഥരുടെ എൽ.പി.സി - യും മറ്റ് അനുബന്ധരേഖകളും ബന്ധപ്പെട്ട കാര്യാലയങ്ങളിലേയ്ക്ക് നൽകേണ്ടതും ഈ നടപടിക്രമങ്ങൾ പാലിക്കാതെയുണ്ടാകുന്ന പരാതികൾക്കും നഷ്ടങ്ങൾക്കും ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉത്തരവാദിയായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ്:

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ജില്ലാപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ അറിവിലേയ്ക്ക്
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്വഭവ, ദക്ഷിണമേഖല / ഉത്തരമേഖല / കോർപ്പറേഷനുകൾ
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ, മുനിസിപ്പാലിറ്റി/ ജില്ലാപഞ്ചായത്ത്
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ, മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്
6. സെക്ഷൻ /കരുതൽ ഫയൽ